ട്രഷറികളിലെ കമ്പ്യൂട്ടർവൽക്കരണം

24 [1741] ശ്രീ. ടി. എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ട്രഷറികൾ എല്ലാം കമ്പ്യൂട്ടർവത്ക്കരിച്ചുകഴിഞ്ഞോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) എല്ലാ സബ്ട്രഷറികളിലും ഡിസ്ട്രിക്ട് ട്രഷറിയുമായും ട്രഷറി ഡയറക്ടറേറ്റുമായും സെക്രട്ടേറിയറ്റുമായും ബന്ധിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ ;

(സി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ 189 ട്രഷറികളിൽ കട്ടപ്പന ട്രഷറി ഒഴികെ 188 ട്രഷറികൾ കമ്പ്യൂട്ടർവൽക്കരിച്ചുകഴിഞ്ഞു. ഈ ട്രഷറികളിൽ എല്ലാം ഓൺലൈൻ സംവിധാനത്തിലൂടെയാണ് ഇടപാടുകൾ നടക്കുന്നത്.

(ബി) സബ്ട്രഷറികളിൽ നിന്നുള്ള വിവരങ്ങൾ ഫ്ളോപ്പികളിലാക്കി ജില്ലാ ട്രഷറികളിലും അവിടെനിന്ന് ട്രഷറി ഡയറക്ടറേറ്റിലേക്കും ഇപ്പോൾതന്നെ നൽകിവരുന്നുണ്ട്.

(സി) ട്രഷറി കമ്പ്യൂട്ടറൈസേഷൻ സാങ്കേതിക കമ്മിറ്റിയുടെ നിർദ്ദേശാനുസരണം ട്രഷറികളും ഡിസ്ട്രിക്ട് ട്രഷറികളും ഡയറക്ടറേറ്റും സെക്രട്ടേറിയറ്റും ഒരു ഡയൽ അപ് നെറ്റ്വർക്കിലൂടെ ബന്ധിപ്പിക്കുന്നതിന് ഭരണാനുമതി നൽകിക്കഴിഞ്ഞു.

വില്പന നികുതി വകുപ്പിലെ ഒഴിവുകൾ

25 [1742] ശ്രീ. ഇ. എം. അഗസ്തി :

ശ്രീമതി ശോഭനാ ജോർജ് :

ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വില്പന നികുതി വകുപ്പിൽ എത്ര അസിസ്റ്റന്റ് കമ്മീഷണർമാരുടെയും ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണർമാരുടെയും തസ്തിക ഒഴിവുണ്ട് ;

(ബി) നികുതി നിർണ്ണയത്തിലും നികുതി കേസ്സുകളുടെ നിർണ്ണയത്തിലും പ്രസ്തുത ഒഴിവുകൾ നികത്താത്തതുമൂലം എന്തെങ്കിലും ബുദ്ധിമുട്ട് ഉണ്ടാകുന്നുണ്ടോ;

(സി) എങ്കിൽ ഈ ഒഴിവുകൾ നികത്തുന്നതിലുള്ള കാലതാമസത്തിന് കാരണമെന്ത് എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly